**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പതിനൊന്നിന പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് നഴ്സറി സ്കൂളിൽ ഓണറേറിയം വ്യവസ്ഥയിൽ നഴ്സറി ടീച്ചറായി ജോലി ചെയ്യുന്ന ശ്രീമതി. റ്റി. എ അലീമയേയും ആയ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. സി. ബി. നബീസയേയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ (കൈ)നം.31/2020/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 10/02/2020**

---

പരാമർശം : 1. 06.08.2010 തീയതിയിലെ സ . ഉ ( എം . എസ് ) 170/10/ തസ്വഭവ

2. 02.08.2014 തീയതിയിലെ സ . ഉ ( എം . എസ് ) 140/14/ തസ്വഭവ
3. ശ്രീമതി. റ്റി.എ അലീമയുടെ 27.09.2016 ലെ അപേക്ഷ
4. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2018, 22.02.2019 തീയതികളിലെ ഇ 9-31725/2016 നമ്പർ കത്തുകൾ.
5. ബഹു. കേരള ഹൈക്കോടതിയുടെ 09.10.2019 ലെ WP(C) 34115/2014 നം. വിധിന്യായം.

**<u>ഉത്തരവ്</u>**

1. എറണാകുളം ജില്ലയിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ നഴ്സറി സ്കൂളിൽ 1988 മുതൽ ഹെൽപ്പർ തസ്തികയിലും 1999 മുതൽ ടീച്ചറായും നാളിതുവരെ ജോലി നോക്കി വരുന്നതായും എന്നാൽ 2010 ലും 2012 ലും നഴ്സറി ടീച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയെങ്കിലും ടി ആനുകൂല്യം തനിക്ക് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ മുൻകാല പ്രാബല്യത്തോടെ സ്ഥിരനിയമനം നൽകണമെന്നും ശ്രീമതി. അലീമ റ്റി. എ എന്നയാൾ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ അഭ്യർത്ഥിച്ചു.

2. പതിനൊന്നിന പരിപാടി മുഖേന ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരിൽ 31.12.2000 തീയതിക്കോ അതിനു മൻപോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി ചെയ്തിരുന്നവരുമായ ജീവനക്കാരെ പരാമർശം (1),(2) ഉത്തരവുകൾ പ്രകാരം 03.05.2010 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള നഴ്സറി സ്കൂളിൽ ഓണറേറിയം വ്യവസ്ഥയിൽ 17.12.1999 മുതൽ നഴ്സറി ടീച്ചറായി ജോലി ചെയ്യുന്ന ശ്രീമതി. റ്റി.എ അലീമയേയും 01.06.1999 മുതൽ ആയ ആയി ജോലി ചെയ്യുന്ന ശ്രീമതി.സി.ബി.നബീസയേയും പരാമർശം (1) ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ടായിരുന്നെങ്കിലും ടിയാൾക്കാർ പ്രസ്തുത ഉത്തരവിൽ ഉൾപ്പട്ടിരുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിൽ ശ്രീമതി. റ്റി. എ അലീമ, ശ്രീമതി സി. ബി. നബീസ എന്നിവരുടെ പേര് ഉൾപ്പെടുത്തിയിരുന്നില്ലെന്നും പ്രൊപ്പോസൽ സമയബന്ധിതമായി പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ നിന്ന് സമർപ്പിക്കാത്തതിനാലാണ് ടി ജീവനക്കാരുടെ പേര് ഉൾപ്പെടാഞ്ഞതെന്നും എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് നഴ്സറി സ്കൂൾ എന്ന പേരിലുള്ള സാംസ്കാരിക ശിശുമന്ദിരം സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി 1988-89 സാമ്പത്തിക വർഷം നിർമ്മിച്ചിട്ടുള്ളതും പ്രസ്തുത ശിശുമന്ദിരത്തിൽ നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ 17.12.1999 മുതൽ ശ്രീമതി റ്റി . എ അലീമയും 01.06.1999 മുതൽ ആയ തസ്തികയിൽ ശ്രീമതി. സി. ബി. നബീസയും ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നതായും പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ

10.01.2000 ലെ VII- ാം നമ്പർ തീരുമാനപ്രകാരം ആയത് അംഗീകരിച്ചിട്ടുള്ളതായും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

3. ശ്രീമതി. റ്റി. എ അലീമ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നുവെങ്കിലും ഇതേ ആവശ്യത്തിനായി ബഹു. ഹൈക്കോടതിയിൽ WP(C) 34115/2014 ഹർജി ഫയൽ ചെയ്തിരുന്നതും ആയതിലെ പരാമർശം (5) ലെ വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായി.

" .......... It is seen that even though the proposals were forwarded by the Panchayat as early in the year 2012, the petitioner has not been granted the benefit of Ext. P6. In view of the admitted fact that the petitioner has been working from 1999 onwards as a nursery teacher, there shall be a direction to respondents 1and 2 to pass orders on the proposal forwarded by the 4th respondent on the question of regularisation of the petitioner within a period of one month. Subject to decision on such regularisation the petitioner shall be granted all benefits as provided in Ext. P6 order within a further period of four months".

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള നഴ്സറി സ്കൂളിൽ ഓണറേറിയം വ്യവസ്ഥയിൽ 17.12.1999 മുതൽ നഴ്സറി ടീച്ചർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. റ്റി.എ അലീമയ്ക്കും 01.06.1999 മുതൽ ആയ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.സി.ബി.നബീസയ്ക്കും പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നതായും സമയബന്ധിതമായി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാഞ്ഞതിനാലാണ് ടി ജീവനക്കാരുടെ പേര് പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാതെ പോയതെന്നും കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി. റ്റി. എ അലീമയേയും ശ്രീമതി. സി. ബി. നബീസയേയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 03.05.2010 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (1) ഉത്തരവിലെ എല്ലാ ആനുകൂല്യങ്ങളും ടി ജീവനക്കാർക്ക് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദേശം നൽകുന്നു.

5. പരാമർശം (5) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

ശ്രീമതി. റ്റി. എ അലീമ, നഴ്സറി ടീച്ചർ, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് മുഖേന)

ശ്രീമതി. സി. ബി. നബീസ, ആയ, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. DEV-1/288/2019-FIN തീയതി 14.01.2020 പ്രകാരം).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/162/2016-LSGD, LSGD-EPA2/275/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danija M

സെക്ഷൻ ഓഫീസർ